## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1435** — **02.03.2017-ൽ മറുപടിക്ക്**

### അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 2006-ൽ പണി ആരംഭിച്ച അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിലാണോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (എ) | സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി അർത്തുങ്കൽ മത്സ്യബന്ധന കേന്ദ്രത്തിന്റെ വികസനത്തിനായി 07/09/07 തീയതിയിൽ അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകി. കരയോട് ചേർന്നുവരുന്ന രണ്ട് പുലിമുട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, പാർക്കിംഗ് ഏരിയ, എന്നീ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചു. തുടർന്ന് അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് 2012 ൽ 4,939 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 12/12/13 തീയതിയിൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ രണ്ടാംഘട്ട പ്രവൃത്തിയുടെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണ വേളയിൽ ഉണ്ടായ സിങ്കേജ് കാരണം പല തവണ പ്രവൃത്തി നിർത്തി വെയ്ക്കേണ്ടി വന്നു. സിങ്കേജ് പരിഹരിക്കുന്നതിനായി അധിക അളവ് കല്ലുകൾ ആവശ്യമായി വരുകയും തന്മൂലം ഉണ്ടാകുന്ന അധിക അളവ് ഉൾപ്പെടുത്തി സാങ്കേതികാനുമതി തുകയേക്കാൾ 15.84% അധികം വരുന്ന പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഫൗണ്ടേഷൻ എക്സ്പേർട്ടിന്റെ വിദഗ്ധാഭിപ്രായത്തോടെ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. |
| (ബി) | മുൻ സർക്കാർ **30** കോടി രൂപ അധികമായി ഈ പദ്ധതിക്ക് അനുവദിക്കുവാൻ ധാരണയായിരുന്നോ; | (ബി) | ഇത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (സി) | ഈ പദ്ധതി പൂർത്തിയാക്കാൻ പുതിയ പദ്ധതി റിപ്പോർട്ടും എസ്റ്റിമേറ്റും സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കുമോ? | (സി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 11,096.23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

(signature)

സെക്ഷൻ ഓഫീസർ